"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കണ്ണൂർ ഇളയവൂർ സി.എച്ച്.എം. ഹയർ സെക്കൻഡറി സ്കൂളിലെ ശ്രീ.മുഹമ്മദ് ഷിനോസ് വി.കെ. ഫയൽ ചെയ്ത റിട്ട് ഹർജി നം.3571/2026-യിലെ 30.01.2026 തീയതി ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.5422/2026/GEDN തീയതി,തിരുവനന്തപുരം, 14-08-2026

---

പരാമർശം:-

1. 28.06.2025 തീയതിയിലെ സ.ഉ.(കൈ) നം. 123/2025/GEDN ഉത്തരവ്.
2. WP(C) No. 3571/2026-യിലെ 30.01.2026 തീയതിയിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം
3. കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 18.03.2026 തീയതിയിലെ ഡിഡിഇ/585/2026-ബി7 നമ്പർ റിപ്പോർട്ട്
4. കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 25.03.2026-ലെ ഡി.ഇ.ഒ.കെ.എൻ.ആർ/145/2026-ബി1 നമ്പർ റിപ്പോർട്ട്
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 31.03.2026, 04.03.2026 തീയതികളിലെ യഥാക്രമം ഡിജിഇ/5083/2026-ഇഎം4, ഡിജിഇ/4082/2026-എച്ച്2 നമ്പർ റിപ്പോർട്ടുകൾ

**ഉത്തരവ്**

കണ്ണൂർ ഇളയവൂർ സി.എച്ച്.എം. ഹയർ സെക്കൻഡറി സ്കൂളിലെ ശ്രീ.മുഹമ്മദ് ഷിനോസ് വി.കെ. ഫയൽ ചെയ്ത റിട്ട് ഹർജി നം.3571/2026-യിലെ 30.01.2026 തീയതി ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം, എക്സിബിറ്റ് പി -6 റിവിഷൻ ഹർജി, പരിശോധിച്ച് ഹർജിക്കാരനെയും ബന്ധപ്പെട്ടവരെയും നേരിൽ കേട്ട്, വിധിപകർപ്പ് കിട്ടി മൂന്ന് മാസത്തിനകം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയം 07.04.2026ന് നേരിൽ കേട്ടു.

3. ഹർജിക്കാരന്റെ വാദഗതികൾ ഇപ്രകാരമാണ്. കണ്ണൂർ ജില്ല വാരം ഇളയവൂർ സി.എച്ച്.എം. ഹയർ സെക്കൻഡറി സ്കൂൾ കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിലുള്ള ഒരു വിദ്യാലയമാണ്. ശ്രീ മുഹമ്മദ് ഷിനോസ് വി.കെ. യെ 21.08.2025 മുതൽ ഫുൾടൈം മീനിയൽ ആയി നിയമിച്ചിട്ടുള്ളതാണ്. ശ്രീ.മുഹമ്മദ് ഷിനോസ് വി.കെ. intellectual disability mild എന്ന വിഭാഗത്തിൽ

ഉൾപ്പെടുന്നതാണ് എന്ന വസ്തുത മനസ്സിലാക്കിയാണ് മാനേജർ ടിയാൾക്ക് ഫുൾടൈം മിനിയലായി നിയമനം നൽകിയിട്ടുള്ളത്. കൂടാതെ ടിയാൾ ഭിന്നശേഷി വിഭാഗക്കാരുടെ ക്വാട്ടയിൽ ജില്ല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ജില്ല എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു ഉദ്യോഗാർത്ഥിയും ആണ്. ആയതിനാൽ Right Of Persons With Disabilities Act 2016 അനുസരിച്ചാണ് ശ്രീ.മുഹമ്മദ് ഷിനോസ് വി.കെ. യുടെ നിയമനം എന്ന് കണക്കാക്കി അംഗീകരിച്ച് ലഭിക്കേണ്ടതാണ്. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നൽകിയ ഐഡന്റിറ്റി കാർഡ് എന്നിവ പരിഗണിക്കാതെയാണ് ജില്ലാ വിദ്യാഭ്യാസ ഓഫീസ് നിയമനാംഗീകാരം നിരസിച്ചിട്ടുള്ളത്. ഉത്തരവിൽ 28.06.2025 തീയതി സ.ഉ (കൈ) നം. 123/2025/പൊ.വി.വ സർക്കാർ ഉത്തരവ് അനുസരിച്ച് 28.06.2025 തിയ്യതി മുതലുള്ള ഭിന്നശേഷി നിയമനങ്ങൾ  സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിക്കപ്പെട്ട ജില്ല സമിതികൾ മുഖേന ആയിരിക്കണം എന്നതിനാലാണ് മാനേജർ ശ്രീ.മുഹമ്മദ് ഷിനോസ് വി.കെ.യെ നേരിട്ട് നടത്തിയ നിയമനം നിരസിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ മേൽ സർക്കാർ ഉത്തരവിനെക്കുറിച്ച് മാനേജർക്ക് യാതൊരു അറിവും ഇല്ലാത്തതാണ്. നിരസന ഉത്തരവിലൂടെയാണ് സർക്കാർ ഉത്തരവിനെ കുറിച്ച് അറിയുവാൻ സാധിച്ചിട്ടുള്ളത്. മേൽ സർക്കാർ ഉത്തരവ് സർക്കാർ ഗസറ്റിലൂടെ പ്രസിദ്ധീകരിച്ചിരുന്നുവെങ്കിൽ ഉത്തരവിനെക്കുറിച്ച് മാനേജർക്ക് അറിയുവാൻ കഴിയുമായിരുന്നു. പക്ഷേ 123/2025നമ്പർ സർക്കാർ ഉത്തരവ് ms-manuscript ആണ്. മേൽ കാരണം കൊണ്ട് തന്നെ 123/2025 സർക്കാർ ഉത്തരവ് ഒരു പബ്ലിക് ഡോക്യുമെന്റ് എന്ന രീതിയിൽ കണക്കാക്കാൻ സാധിക്കുന്നതല്ല. ശ്രീ.മുഹമ്മദ് ഷിനോസ് വി.കെ. ബെഞ്ച് മാർക് ഡിസെബിലിറ്റിയുള്ള ഉദ്യോഗാർത്ഥിയും രജിസ്റ്റർ ചെയ്തിട്ടുള്ള ആളുമാണ്. ടിയാളെ സ്ഥാനക്കയറ്റ ഒഴിവിലാണ് നിയമിച്ചിട്ടുള്ളത്. കൂടാതെ Right of Persons With Disabilities Act നിയമമനുസരിച്ചുള്ള 4% സംവരണ വിഭാഗത്തിലാണ് ശ്രീ.മുഹമ്മദ് ഷിനോസ് വി.കെ. എന്നവരെ നിയമിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവിൽ പ്രതിപാദിച്ച രീതിയിലല്ല നിയമനം നടത്തിയിട്ടുള്ളത് എന്ന കാരണം നിയമപരമായി നിലനിൽക്കുന്നതല്ല കേന്ദ്രസർക്കാർ കൊണ്ടുവന്ന ഭിന്നശേഷി നിയമന നിയമമനുസരിച്ച് ബെഞ്ച് മാർക്ക് ഡിസബിലിറ്റിയുള്ള വ്യക്തികളെ നിയമിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാത്തത് മാപ്പാക്കിയും കെ.ഇ.ആർ അദ്ധ്യായം I ചട്ടം 3 അനുസരിച്ചുള്ള സർക്കാരിന്റെ പ്രത്യേക പരമാധികാരം ഉപയോഗിച്ചും മേൽ സാഹചര്യങ്ങൾ പരിഗണിച്ചും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ബെഞ്ച് മാർക്ക് ഡിസെബിലിറ്റി പരിധിയിൽപ്പെടുന്ന ശ്രീ.മുഹമ്മദ് ഷിനോസ് വി.കെ.യുടെ 21.08.2025 മുതൽ ഫുൾടൈം മീനിയൽ നിയമനം അംഗീകരിച്ചു നൽകുവാൻ ഉത്തരവുണ്ടാകണമെന്നാണ് അപേക്ഷിച്ചിച്ചിരിക്കുന്നത്.

4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വാദഗതികൾ ഇപ്രകാരമാണ്. എളയാവൂർ സി.എച്ച്.എം. ഹയർ സെക്കണ്ടറി സ്കൂളിലെ എഫ്.ടി.എം ശ്രീമതി ലിജിഷ രാജന് ഓഫീസ് അറ്റൻഡന്റ് ആയി സ്ഥാനക്കയറ്റം ലഭിച്ചത് മൂലം ഉണ്ടായ ഒഴിവ് ഭിന്നശേഷി നിയമനത്തിനായി മാനേജർ മാറ്റിവെക്കുകയും സമന്വയ വഴി വേക്കൻസി റിപ്പോർട്ട് ചെയ്ത് 19.07.2025 ന confirm ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതിനെ തുടർന്ന് 11.08.2025 ന ജില്ലാ വിദ്യാഭ്യാസ ഓഫീസർ വേക്കൻസി verify ചെയ്യുകയും ഒഴിവ് ജില്ലാ സമിതിക്ക് ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. ടി ഒഴിവിലേക്കാണ് ശ്രീ.മുഹമ്മദ് ഷിനോസ് വി.കെ.യെ 21.08.2025 മുതൽ മാനേജർ നേരിട്ട് നിയമിച്ചിട്ടുള്ളത്. ആയതിനാൽ ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. ശ്രീ.മുഹമ്മദ് ഷിനോസ് വി.കെ. ഭിന്നശേഷി ഉദ്യോഗാർത്ഥിയാണെങ്കിൽ കൂടിയും സ.ഉ.(കൈ) 123/2025/GEDN തീയതി 28.06.2025 പ്രകാരം 28.06.2025 മുതലുള്ള ഭിന്നശേഷി നിയമനം ജില്ലാ തല സമിതികൾ മുഖേന ആയിരിക്കണമെന്ന്

നിർദ്ദേശം നല്കിയിട്ടുണ്ട്. മാനേജർ നേരിട്ട് നടത്തിയിട്ടുള്ള നിയമനമായതിനാൽ ടി നിയമനം ഭിന്നശേഷി സംവരണ നിയമനമായി കണക്കാക്കാൻ സാധിക്കില്ല. മേൽ സാഹചര്യത്തിൽ ഭിന്നശേഷിക്കായി വിട്ടുകൊടുത്ത ഒഴിവിലെ നിയമനമായതിനാൽ ടി തസ്തികയിലേക്ക് ജില്ലാതല സമിതി മുഖേന ഭിന്നശേഷി ഉദ്യോഗാർത്ഥി ലഭ്യമാകുന്നത് വരെ ശ്രീ. മുഹമ്മദ് ഷിനോസ് വി.കെ.യുടെ നിയമനം സർക്കാർ കത്ത് ജെആർ1/502/2023 തീയതി 11.05.2025 പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ പരിഗണിക്കാവുന്നതാണ് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ഭിന്നശേഷി നിയമനത്തിനായി ജില്ലാ സമിതിയ്ക്ക് വിട്ടു നൽകിയ തസ്തികയിലേക്കാണ് ശ്രീ. മുഹമ്മദ് ഷിനോസ് വി.കെ.യെ 21.08.2025 മുതൽ മാനേജർ നേരിട്ട് നിയമിച്ചിട്ടുള്ളത്. ആയതിനാലാണ് ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചത്. ശ്രീ.മുഹമ്മദ് ഷിനോസ് വി.കെ. ഭിന്നശേഷി ഉദ്യോഗാർത്ഥിയാണെങ്കിൽ കൂടിയും പരാമർശം (1) പ്രകാരം 28.06.2025 മുതലുള്ള ഭിന്നശേഷി നിയമനം ജില്ലാ തല സമിതികൾ മുഖേന ആയിരിക്കണമെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. മേൽ ഉത്തരവ് ബഹു സുപ്രീം കോടതിയുടെ നിർദേശാനുസരണം പുറപ്പെടുവിച്ചതാകയാൽ, ജില്ലാ സമിതിയ്ക്ക് വിട്ടു നൽകിയ തസ്തികയിലേക്ക് മാനേജർ നേരിട്ട് നടത്തിയിട്ടുള്ള നിയമനം ഭിന്നശേഷി സംവരണ നിയമനമായി കണക്കാക്കാൻ സാധിക്കില്ല. ആയതിനാൽ ടി തസ്തികയിലേക്ക് ജില്ലാ സമിതി ശുപാർശ ചെയുന്ന ഭിന്നശേഷി ഉദ്യോഗാർത്ഥിയെ അടിയന്തരമായി ജോലിയിൽ പ്രവേശിപ്പിക്കാനും ശ്രീ. മുഹമ്മദ് ഷിനോസ് വി. കെ. യുടെ നിയമനം 11.05.2025-ലെ ജെആർ1/502/2023 പ്രകാരം നിയമനത്തീയതി മുതൽ ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതു വരെ മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കുവാനും നിർദ്ദേശം നല്കി അപ്രകാരം ശ്രീ.മുഹമ്മദ് ഷിനോസ് വി.കെ. ഫയൽ ചെയ്ത റിട്ട് ഹർജി നം.3571/2026-യിലെ 30.01.2026 തീയതിയിലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (അറിവിലേക്കായി)
SRI.MUHAMMED SHINOS V.K., FULL TIME MENIAL, CHM HIGHER SECONDARY SCHOOL, ELAYAVOOR, VARAM P.O, KANNUR-670594
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ,കണ്ണൂർ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കണ്ണൂർ
THE MANAGER, CHM HIGHER SECONDARY SCHOOL, ELAYAVOOR, VARAM P.O, KANNUR-670594
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി(S1/31/2026-G.EDN)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: പൊതുവിദ്യാഭ്യാസ സ്പെഷൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.